**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4844** — **02-07-2024 - ൽ മറുപടിയ്ക്ക്**

**സ്റ്റാർട്ട് അപ് സിറ്റി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. സുമോദ്** | | **ശ്രീ ഒ . ആർ. കേളു (പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കാനുള്ള സ്റ്റാർട്ട് അപ് സിറ്റി പദ്ധതിയിൽ എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (എ) | **<u>പട്ടികവർഗ്ഗ വികസനവകുപ്പ്</u>**<br><br>സ്റ്റാർട്ടപ് സിറ്റി പദ്ധതിയുമായി ബന്ധപ്പെട്ട് പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടറേറ്റിൽ 6 അപേക്ഷകളും, സ്റ്റാർട്ടപ് മിഷനിൽ 11 അപേക്ഷകളും ഉൾപ്പെടെ ആകെ 17 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്.<br><br>**<u>പട്ടികജാതിവികസനവകുപ്പ്</u>**<br><br>പട്ടികജാതി വികസനവകുപ്പിൽ സ്റ്റാർട്ടപ് സിറ്റി പദ്ധതിയിൽ ആകെ 303 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. |
| (ബി) | പദ്ധതി നടത്തിപ്പിനായി എത്ര ശതമാനം തുകയാണ് വകുപ്പ് നൽകുന്നത്; വ്യക്തമാക്കാമോ? | (ബി) | പദ്ധതി നടത്തിപ്പിനായി 80% തുക പട്ടികവർഗ്ഗ വികസനവകുപ്പ് അനുവദിക്കുന്നതാണ്. സ്റ്റാർട്ടപ് മിഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വ്യക്തികൾ, ഗ്രൂപ്പുകൾ എന്നിവർക്ക് സ്റ്റാർട്ട് അപ്സിറ്റി പദ്ധതിയുടെ ഭാഗമാകാൻ കഴിയും. പ്രോജക്ട് വായ്പാധിഷ്ഠിതമായിരിക്കും.<br><br>പട്ടികജാതി വികസനവകുപ്പിൽ കേരള എംപവർമെന്റ് സൊസൈറ്റി മുഖേനയുള്ള വിവിധ പ്രവർത്തനങ്ങൾക്കായി നടപ്പുവർഷം (2024-25) ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി പട്ടികജാതി വികസന വകുപ്പ് അനുവദിക്കുന്ന തുകയുടെ ശതമാനം സംബന്ധിച്ച് തീരുമാനമായിട്ടില്ല. |

സെക്ഷൻ ഓഫീസർ